**മൂപ്പന്മാർക്കും**
**ഉത്തരവാദിത്തപ്പെട്ടവർക്കുമുള്ള**
**അന്തർദേശീയ പരിശീലനം**
നവംബർ 2025

**പൊതുവിഷയം:**
**മത്തായി 5 മുതൽ 7 വരെയുള്ള അധ്യായങ്ങളുടെ നിർണയാക വശങ്ങൾ**

ദൂത് രണ്ട്

**വിലപിക്കുന്നവരുടെയും, സൗമ്യത ഉള്ളവരുടെയും, ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടുന്ന സമാധാനം ഉണ്ടാക്കുന്നവരുടെയും അനുഗ്രഹാവസ്ഥ**

JL *Hymns*: ML484

തിരുവെഴുത്ത് വായന: മത്താ. 5:4-5, 9

മത്താ. 5:4 വിലപിക്കുന്നവർ അനുഗൃഹീതർ, അവർക്കു ആശ്വാസം ലഭിക്കും.

മത്താ. 5:5 സൗമ്യതയുള്ളവർ അനുഗൃഹീതർ, അവർ ഭൂമിയെ അവകാശമാക്കും.

മത്താ. 5:9 സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.

**I. "വിലപിക്കുന്നവർ അനുഗൃഹീതർ, അവർക്ക് ആശ്വാസം ലഭിക്കും"—മത്താ. 5:4:**

A. വിലപിക്കുകയെന്നാൽ ആഴമായ ദുഃഖമോ പശ്ചാത്താപമോ തോന്നുകയോ കാണിക്കുകയോ ചെയ്യുക എന്നാണ്:

1. ആകമാന ലോകസാഹചര്യം ദൈവത്തിന്റെ വ്യവസ്ഥയോട് പ്രതിലോമകരമാണ്.
2. ദൈവതേജസ്സ് അവഹേളിക്കപ്പെടുന്നു, ക്രിസ്തു തിരസ്കരിക്കപ്പെടുന്നു, പരിശുദ്ധാത്മാവ് തടസ്സപ്പെടുത്തപ്പെടുന്നു, സഭ വിജനമാക്കപ്പെടുന്നു, സ്വയം ദുഷിക്കപ്പെടുന്നു, മുഴുവൻ ലോകവും ദുഷ്ടത നിറഞ്ഞതാകുന്നു.
3. ഭൂമിയിലെ സകല ജനത്തിനുമിടയിൽ സാത്താനും, പാപവും, സ്വയവും, ഇരുട്ടും, ലൗകികതയും പ്രബലമായിരിക്കുന്നു.
4. ഇങ്ങനെയുള്ള ഒരു സാഹചര്യത്തെച്ചൊല്ലി നാം വിലപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

B. ചുറ്റുപാടുകൾക്കും, ഇപ്പോഴത്തെ തലമുറയ്ക്കും, ലോകത്തിലെ ജനത്തിനും ദൈവത്തെ വേണ്ടാതിരിക്കുകയും, ദൈവത്തെ എതിർക്കുകയും, ദൈവത്തിനെതിരെ മത്സരിക്കുകയും ചെയ്യുന്നതുകൊണ്ട് ആത്മാവിൽ ദരിദ്രനും ദൈവത്തെ അന്വേഷിക്കുന്നവനുമായ ഒരു വിശുദ്ധൻ വിലപിക്കും:

1. ദൈവത്തിനുവേണ്ടി വിലപിക്കുന്നവർക്ക് ആശ്വാസം ലഭിക്കുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തു.

2. ദൈവത്തെ നേടുന്നതിലൂടെയും അവന്റെ ഭരണത്തിൻ കീഴിൽ വരുന്നതിലൂടെയും നമ്മുടെ ദുഃഖിതമായ ഹൃദയം ആശ്വസിപ്പിക്കപ്പെടുന്നു; എങ്കിലും, വരാനിരിക്കുന്ന രാജ്യത്തിലും ഭാവികാല നിത്യതയിലും നമ്മുടെ ആശ്വാസം വലുതും സമ്പന്നവുമായിരിക്കും.

C. സ്വർഗരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്ന ഒരു വിശ്വാസി മിക്കപ്പോഴും വിലപിക്കുന്നു:

1. താൻ അനുഭവിക്കുന്ന കഷ്ടതകളെച്ചൊല്ലിയല്ല, മറിച്ച് ദൈവത്തെ നേടാത്തതിനെച്ചൊല്ലി ഒരു വിശുദ്ധൻ വിലപിക്കുന്നു.
2. ഇങ്ങനെയുള്ള വിലപിക്കുന്നതിന്റെ ഹേതു ദൈവവും അവന്റെ ആധിപത്യവുമാണ്.
3. ഇങ്ങനെയുള്ള വിലാപം കുലീനവും വിശുദ്ധവുമാണ്.
4. വിലപിക്കുന്നവർ ദൈവത്താൽ ആശ്വസിപ്പിക്കപ്പെടും.

D. നാം ആത്മാവിൽ ദരിദ്രരാണെങ്കിൽ, തീർച്ചയായും നാം വിലപിക്കും:

1. ദൈവജനത്തിനിടയിലെ ദരിദ്രമായ സാഹചര്യത്തിനായും നമ്മുടെ സ്വന്തം അവസ്ഥയ്ക്കായും നമുക്ക് ദുഃഖവും സങ്കടവും തോന്നും.
2. ഇന്ന് ദൈവജനത്തിനിടയിലെ സാഹചര്യം വിലപിക്കുന്നതിന് യോഗ്യമാണ്.
3. രാജ്യജീവിതത്തിനായി നാമും വിലപിക്കേണ്ടതാവശ്യമാണ്.
4. നമ്മെയും നമ്മുടെ സമൂഹത്തെയും ഇന്നത്തെ ക്രിസ്തുമതത്തെയും സംബന്ധിച്ച് നാം വിലപിക്കേണ്ടതാവശ്യമാണ്.
5. ക്രിസ്തുവിങ്കലേക്ക് നോക്കുമ്പോൾ, നാം സന്തുഷ്ടരും സന്തോഷിക്കുന്നവരുമാണ്, എന്നാൽ നമ്മിലേക്കും നമ്മുടെ ചുറ്റുമുള്ള മറ്റുള്ളവരിലേക്കും നോക്കുമ്പോൾ, നാം വിലപിക്കേണ്ടതുണ്ട്.

## II. "സൗമ്യതയുള്ളവർ അനുഗൃഹീതർ, അവർ ഭൂമിയെ അവകാശമാക്കും"—വാ. 5:

A. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ ലോകത്തിന്റെ എതിർപ്പിനെ ചെറുക്കാതെ അതിനെ മനസ്സോടെ സഹിക്കുക എന്നാണ്.

B. നാം ആത്മാവിൽ ദരിദ്രരും മറ്റുള്ളവരുടെ ദയനീയമായ സാഹചര്യത്തെക്കുറിച്ച് വിലപിക്കുന്നവരുമാണെങ്കിൽ, സ്വതവേ നാം സൗമ്യരായിരിക്കും:

1. എല്ലാ ആളുകളോടും നാം സൗമ്യരായിരിക്കണം.
2. സൗമ്യത എന്ന നന്മ ഉണ്ടായിരിക്കുകയെന്നാൽ നാം മറ്റുള്ളവരെ ആക്രമിക്കുകയോ അവരുമായി പോരാടുകയോ ചെയ്യുന്നില്ല എന്നാണർഥമാക്കുന്നത്:
   a. പകരം, വഴങ്ങുവാൻ നാം മനസ്സുള്ളവരാണ്.
   b. സൗമ്യതയുള്ളവർ വഴങ്ങുകയും,പോരാടാതിരിക്കുകയും, മറ്റുള്ളവരുടെ പ്രദേശത്തെ അതിക്രമിക്കാതിരിക്കുകയും ചെയ്യുന്നു.

C. മറ്റുള്ളവരോട് നാം സൗമ്യതയുള്ളവരായിരിക്കുമ്പോൾ, നാം ഇരുട്ടിന്റെ ശക്തിക്കെതിരെ പോരാടണം—എഫെ. 6:12:

| | |
|---|---|
| എഫെ. 6:12 | എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു. |

1. ശത്രു മറ്റുള്ള ആളുകളല്ല.
2. അത് സാത്താനും അവന്റെ ദൂതന്മാരും അടങ്ങുന്ന ആകാശത്തിലെ ദുഷ്ടശക്തികൾ ആണ്—2:2.

| | |
|---|---|
| എഫെ. 2:2 | അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു, |

D. ഈ യുഗത്തിൽ ലോകത്തിന്റെ എതിർപ്പിനെ സഹിക്കുവാൻ മനസ്സുള്ളവരായി നാം സൗമ്യത ഉള്ളവരാണെങ്കിൽ, വരാനിരിക്കുന്ന യുഗത്തിൽ നാം ഭൂമിയെ അവകാശമാക്കും—എബ്രാ. 2:5-8; ലൂക്കൊ. 19:17, 19; മത്താ. 11:28-30; സംഖ്യാ.12:3.

| | |
|---|---|
| എബ്രാ. 2:5 | എന്തെന്നാൽ നാം സംസാരിക്കുന്ന, വരുവാനുള്ള ആൾപ്പാർപ്പുള്ള ഭൂമിയെ അവൻ ദൂതന്മാർക്കല്ല കീഴ്പ്പെടുത്തിയത്. |
| എബ്രാ. 2:6 | എന്നാൽ ഒരുവൻ എവിടെയോ ഗൗരവമായി സാക്ഷ്യപ്പെടുത്തി പറഞ്ഞു, “മനുഷ്യനെ നീ ഓർക്കേണ്ടതിന്, അഥവാ മനുഷ്യപുത്രനെ നീ കരുതേണ്ടതിന് അവൻ എന്ത്? |
| എബ്രാ. 2:7 | നീ അവനെ ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തിയിരിക്കുന്നു; നീ അവനെ തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയിക്കുകയും, അവനെ നിന്റെ കരങ്ങളുടെ പ്രവൃത്തികൾക്കുമേൽ ആക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു; |
| എബ്രാ. 2:8 | നീ സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തിയിരിക്കുന്നു.” സകലവും അവനു കീഴ്പ്പെടുത്തിയതിൽ, അവനു കീഴ്പ്പെടാത്തതായി ഒന്നും അവൻ വിട്ടില്ല. എന്നാൽ ഇപ്പോൾ സകലവും അവനു കീഴ്പ്പെട്ടിരിക്കുന്നതായി നാം ഇതുവരെ കാണുന്നില്ല, |
| ലൂക്കൊ. 19:17 | അവൻ അവനോട്, നല്ല അടിമയേ, നന്ന്. നീ അത്യൽപത്തിൽ വിശ്വസ്തനായിത്തീർന്നതിനാൽ, പത്തു പട്ടണങ്ങളിന്മേൽ അധികാരം ഉള്ളവനായിരിക്കുക എന്നു പറഞ്ഞു. |
| ലൂക്കൊ. 19:19 | ഇവനോടും അവൻ, നീയും അഞ്ചു പട്ടണങ്ങളിന്മേൽ ആയിരിക്കുക എന്നു പറഞ്ഞു. |
| മത്താ. 11:28 | അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും. |
| മത്താ. 11:29 | ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് |

പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

സംഖ്യ. 12:3 മോശെ എന്ന പുരുഷനോ ഭൂതലത്തിൽ ഉള്ള സകലമനുഷ്യരിലും അതിസൗമ്യനായിരുന്നു.

E. കർത്താവായ യേശു തന്നെക്കുറിച്ചുതന്നെ പറഞ്ഞു, "ഞാൻ ഹൃദയത്തിൽ സൗമ്യതയുള്ളവനാകുന്നു"—മത്താ. 11:29:

1. എതിർപ്പിനെ അഭിമുഖീകരിക്കുന്നതിൽ കർത്താവായ യേശു എപ്പോഴും സൗമ്യനായിരുന്നു.
2. ക്രിസ്തുവിന്റെ സൗമ്യതയെക്കുറിച്ച് 2 കൊരിന്ത്യരിൽ പൗലൊസ് സംസാരിക്കുന്നു—10:1:

   2 കൊരി. 10:1 എന്നാൽ (നിങ്ങൾ പറയുന്നതുപോലെ) സന്നിഹിതനായി നിങ്ങളുടെ ഇടയിൽ നിന്ദ്യനും അസാന്നിധ്യത്തിൽ നിങ്ങളോട് ധൈര്യമുള്ളവനുമായ പൗലൊസ് എന്ന ഞാൻ, ക്രിസ്തുവിന്റെ സൗമ്യതയും വിനയവും മുഖാന്തരം നിങ്ങളോട് അപേക്ഷിക്കുന്നത്,

   a. സൗമ്യത ദിവ്യജീവനാലുള്ള ക്രിസ്തുവിന്റെ മനുഷ്യത്വത്തിലെ ഒരു നന്മയാണ്.
   b. ക്രിസ്തുവിന്റെ സൗമ്യത ലളിതമായ ഒരു കാര്യമല്ല, കാരണം അത് അവന്റെ മനുഷ്യത്വത്തിലും ദിവ്യജീവനാലുമാണ്.
   c. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ ദിവ്യജീവനാൽ ഒരു മനുഷ്യജീവിതം നയിച്ചു.
   d. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഈ ഇഴുകിച്ചേരലിലൂടെ സൗമ്യത എന്ന നന്മ പ്രകടമായി.

3. മത്തായി 21:1-11-ൽ വിവരിച്ചിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ സൗമ്യത അവൻ യെരൂശലേമിൽ പ്രവേശിച്ച രീതിയിൽ കാണാം.

   മത്താ. 21:1 അവർ യെരൂശലേമിനോടു സമീപിച്ചു, ഒലിവുമലയിലെ ബേത്ത്ഫാഗയിൽ വന്നപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ച്,

   മത്താ. 21:2 അവരോടു പറഞ്ഞത്, നിങ്ങൾക്ക് എതിരേയുള്ള ഗ്രാമത്തിലേക്കു പോകുവിൻ, ഉടനെ നിങ്ങൾ ഒരു കഴുതയെ കെട്ടിയിരിക്കുന്നതും അതിന്റെ കൂടെ ഒരു കഴുതക്കുട്ടിയെയും കണ്ടെത്തും; അവയെ അഴിച്ചു എന്റെ അടുക്കലേക്കു നയിക്കുവിൻ.

   മത്താ. 21:3 ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും പറഞ്ഞാൽ, കർത്താവിന് അവയുടെ ആവശ്യം ഉണ്ട് എന്നു നിങ്ങൾ പറയേണം; ഉടനെ അവൻ അവയെ അയയ്ക്കും.

   മത്താ. 21:4 ഇത് പ്രവാചകനിലൂടെ ഇപ്രകാരം അരുളിച്ചെയ്തതു നിവൃത്തിയാകേണ്ടതിനു സംഭവിച്ചു,

| | |
|---|---|
| മത്താ. 21:5 | "സീയോൻപുത്രിയോടു പറയുക, ഇതാ നിന്റെ രാജാവ്, നിന്റെ അടുക്കലേക്കു, സൗമ്യനായി കഴുതയുടെയും, ഭാരം വഹിക്കുന്ന മൃഗത്തിന്റെ കുട്ടിയായ കഴുതക്കുട്ടിയുടെയും പുറത്തു കയറി വരുന്നു." |
| മത്താ. 21:6 | ശിഷ്യന്മാർ പുറപ്പെട്ട് യേശു അവരോടു നിർദേശിച്ചതുപോലെ ചെയ്തു, |
| മത്താ. 21:7 | കഴുതയെയും കഴുതക്കുട്ടിയെയും നയിച്ചു. അവർ തങ്ങളുടെ വസ്ത്രങ്ങൾ അവയുടെ മീതെ ഇടുകയും, അവൻ അവയുടെ മേൽ ഇരിക്കുകയും ചെയ്തു. |
| മത്താ. 21:8 | പുരുഷാരത്തിൽ ഏറെയും തങ്ങളുടെ സ്വന്തം വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു; മറ്റുള്ളവർ മരങ്ങളിൽ നിന്നു കൊമ്പുകൾ മുറിച്ച്, വഴിയിൽ വിരിച്ചു. |
| മത്താ. 21:9 | അവനു മുമ്പേ പോയ പുരുഷാരവും അവനെ പിന്തുടർന്നവരും, ദാവീദു പുത്രന് ഹോശന്നാ! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്യഹീതൻ! അത്യുന്നതങ്ങളിൽ ഹോശന്നാ! എന്നു പറഞ്ഞുകൊണ്ട് നിലവിളിച്ചു. |
| മത്താ. 21:10 | അവൻ യെരൂശലേമിലേക്കു പ്രവേശിച്ചപ്പോൾ, പട്ടണം മുഴുവനും ഇളകി, ഇവൻ ആരാകുന്നു? എന്നു ചോദിച്ചു. |
| മത്താ. 21:11 | പുരുഷാരമോ, ഇത് ഗലീലയിലെ നസറെത്തിൽ നിന്നുള്ള യേശു എന്ന പ്രവാചകൻ ആകുന്നു എന്നു പറഞ്ഞു. |

a. അവൻ "സൗമ്യനായി കഴുതയുടെയും ഭാരം വഹിക്കുന്ന മൃഗത്തിന്റെ കുട്ടിയായ കഴുതക്കുട്ടിയുടെയും പുറത്തു കയറി വരുന്നു"—വാ. 5.

b. സൗമ്യതയിലും താഴ്ന്ന സ്ഥിതിയിലും അവനെത്തന്നെ അവതരിപ്പിക്കുവാൻ കർത്താവ് മനസ്സുള്ളവനായിരുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു.

c. സ്വർഗീയ രാജാവായ ക്രിസ്തു അഹന്തയുള്ള ഗാംഭീര്യത്തോടെയല്ല, മറിച്ച് ശാന്തമായ, താഴ്മയുള്ള സൗമ്യതയോടെ വന്നു.

d. കർത്താവായ യേശു പോരാടുവാനല്ല, സൗമ്യനായ രാജാവായിരിക്കുവാൻ വന്നു.

F. സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും—5:5:

| | |
|---|---|
| മത്താ. 5:5 | സൗമ്യതയുള്ളവർ അനുഗ്യഹീതർ, അവർ ഭൂമിയെ അവകാശമാക്കും. |

1. നാം സ്വർഗരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുകയും രാജ്യത്തിൽ പങ്കുചേരുകയും ചെയ്യുന്നുവെങ്കിൽ, നാം ദൈവരാജ്യം അവകാശമാക്കും—1 കൊരി. 6:9, 10; ഗലാ. 5:21; എഫെ.5:5.

1 കൊരി. 6:9a അനീതിയുള്ളവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറിയുന്നില്ലയോ?..,

1 കൊരി. 6:10b ...ഇവരാരും തന്നെ ദൈവരാജ്യം അവകാശമാക്കുകയില്ല.

ഗലാ. 5:21b ...ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് ഞാൻ മുമ്പേ പറഞ്ഞതുപോലെ തന്നെ, ഇവയെക്കുറിച്ച് മുൻകൂട്ടി പറയുന്നു.

എഫെ. 5:5b ...ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ ഒരവകാശവും ഇല്ലെന്ന് അറിഞ്ഞ് നിങ്ങൾ തിരിച്ചറിവുള്ളവരാകുവിൻ.

2. ദൈവരാജ്യം അവകാശമാക്കുന്നത് വീണ്ടുംജനനത്തിലൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിൽനിന്നും വ്യത്യസ്തമാണ്:
   a. വീണ്ടുംജനിച്ചതിലൂടെ രാജ്യത്തിലേക്ക് പ്രവേശിച്ചതിനാൽ, ഇപ്പോൾ നാം ദിവ്യജീവനിൽ വളരുകയും വികാസംപ്രാപിക്കുകയും വേണം.
   b. ഈ വളർച്ചയുടെയും വികാസത്തിന്റെയും ഫലമായി, നാം ദൈവരാജ്യം അവകാശമാക്കും.
   c. ദിവ്യജീവനിൽ ശരിയായ വികാസത്തിൽ പക്വതപ്രാപിക്കുവാൻ നാം വളരുന്നില്ലെങ്കിൽ ദൈവരാജ്യം അവകാശമാക്കുവാൻ നമുക്ക് കഴിയുകയില്ല.

**III. “സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും”—മത്താ. 5:9:**

A. മത്സരിയായ സാത്താനാണ് എല്ലാ മത്സരത്തിന്റെയും ദുഷ്പ്രേരകൻ.

B. സ്വർഗരാജ്യത്തിനായി, അതിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ, നാം മനുഷ്യരുടെ ഇടയിൽ സമാധാനമുണ്ടാക്കുന്നവർ ആയിരിക്കണം—എബ്രാ. 12:14:

എബ്രാ. 12:14 എല്ലാവരോടും സമാധാനം പിൻപറ്റുവിൻ, വിശുദ്ധീകരണവും പിൻപറ്റുവിൻ, അതുകൂടാതെ ആരും കർത്താവിനെ കാണുകയില്ല;

1. നമ്മുടെ പിതാവ് സമാധാനപൂർണമായ സ്വഭാവത്തോടുകൂടിയ സമാധാനപൂർണമായ ജീവനുള്ള, സമാധാനത്തിന്റെ ദൈവമാണ് (റോമ. 15:33; 16:20).

റോമ. 15:33 സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ആമേൻ.

റോമ. 16:20 സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്ക് കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ.

2. അവനിൽനിന്ന് ജനിച്ചവരായ നാം സമാധാനം ഉണ്ടാക്കുന്നവരാകണമെങ്കിൽ, നാം അവന്റെ ദിവ്യജീവനിലും അവന്റെ ദിവ്യ സ്വഭാവത്തിനൊത്തവണ്ണവും നടക്കണം.
3. ഈ വിധത്തിൽ നാം അവന്റെ ജീവനും സ്വഭാവവും ആവിഷ്കരിക്കുകയും ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടുകയും ചെയ്യും.

C. അനുഗൃഹീതരായ സമാധാനമുണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും—മത്താ. 5:9:

മത്താ. 5:9 സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.

1. വിശ്വാസികൾ ദൈവത്തിന്റെ മക്കളാണ്, പിന്നീട് അവർ ക്രമേണ ദൈവത്തിന്റെ പുത്രന്മാരായിത്തീരുവാൻ വളരുന്നു.
2. തന്റെ രക്ഷയിൽ ദൈവം പാപികളെ പുത്രന്മാരാക്കുന്നു.
3. റോമാലേഖനത്തിന്റെ കേന്ദ്ര ചിന്ത, ദൈവം തന്റെ രക്ഷയിൽ പാപികളെ തന്റെ ജീവനാലും സ്വഭാവത്താലും തന്റെ പുത്രന്മാരാക്കുന്നു എന്നതാണ്, അങ്ങനെ അവർ തന്റെ ആവിഷ്കാരത്തിനായി ക്രിസ്തുവിന്റെ ശരീരത്തിന്റെ ഘടകാംശങ്ങളായിത്തീരുന്നു:
   a. റോമർ 8, പ്രത്യേകിച്ച്, പുത്രത്വത്തിന് ഊന്നൽ നൽകുന്നു:

      Rom 8 be omitted.

      1) വാക്യം 14 പറയുന്നു: "ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും ദൈവത്തിന്റെ പുത്രന്മാർ ആകുന്നു."
      2) നാം ആത്മാവിനാൽ നയിക്കപ്പെടുന്നു എന്ന വസ്തുതയാൽ നാം ദൈവത്തിന്റെ പുത്രന്മാരാണെന്ന് നമുക്ക് അറിയാമെന്ന് ഇത് സൂചിപ്പിക്കുന്നു.
      3) ആത്മാവിന്റെ നയിക്കൽ ജീവന്റെ വളർച്ചയിൽ നമ്മെ ദൈവത്തിന്റെ പുത്രന്മാരായി അടയാളപ്പെടുത്തുന്നു.
   b. വാക്യം 19 തുടരുന്നു പറയുന്നു: "സൃഷ്ടിയുടെ ഉത്കണ്ഠാപൂർവമുള്ള നിരീക്ഷണം ദൈവപുത്രന്മാരുടെ വെളിപാടിനെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു"; ഈ വാക്യം ദൈവപുത്രന്മാരുടെ വെളിപ്പെടലിനെ അഥവാ പ്രത്യക്ഷമാകലിനെക്കുറിച്ച് സംസാരിക്കുന്നു.
4. ഗലാത്യർ 3:26 പറയുന്നു: "നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിലുള്ള വിശ്വാസം മുഖാന്തരം ദൈവപുത്രന്മാർ ആകുന്നു":
   a. ക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ക്രിസ്തുവിലേക്ക് കൊണ്ടുവരികയും പുത്രത്വം ഉള്ളവനായ ക്രിസ്തുവുമായി ഒന്നാക്കുകയും ചെയ്യുന്നു.
   b. ക്രിസ്തുവിൽ നാം ദൈവപുത്രന്മാരാകത്തക്കവണ്ണം വിശ്വാസം മുഖാന്തരം നാം ക്രിസ്തുവുമായി ഏകീഭവിക്കണം.

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

### രാജ്യജനത്തിന്റെ പ്രകൃതത്തെ സംബന്ധിച്ച്

### വിലപിക്കുന്നവർ ആശ്വാസം പ്രാപിക്കും

നാം ഇന്ന് സ്വർഗരാജ്യത്തിലാണെന്ന് കേൾക്കുമ്പോൾ (മത്താ. 5:3) നാം വളരെ സന്തോഷമുള്ളവരാകണമെങ്കിലും, തൊട്ടടുത്ത വാക്യത്തിൽ വിലപിക്കുവാൻ കർത്താവായ യേശു നമ്മോടു പറഞ്ഞു. മത്തായി 5:4 പറയുന്നു: “വിലപിക്കുന്നവർ അനുഗൃഹീതർ, അവർക്കു ആശ്വാസം ലഭിക്കും.” വിലപിക്കുന്നവർ അനുഗൃഹീതരും സന്തുഷ്ടരുമാണെന്ന് പറയുന്നത് യുക്തിസഹമല്ല. എങ്കിലും, രാജാവിനോടും രാജ്യത്തോടുംകൂടെ നിറഞ്ഞ ആത്മാവിനാൽ ഒരു നിശ്ചിത സമയത്തേക്ക് നാം പ്രാർഥിക്കുന്നുവെങ്കിൽ, ഇന്നത്തെ പ്രതിലോമ സാഹചര്യത്തെക്കുറിച്ച് നാം വിലപിക്കുവാൻ തുടങ്ങും. ദൈവത്തിന്റെ വ്യവസ്ഥയോടുള്ള ബന്ധത്തിൽ ലോകത്തിന്റെ മുഴുവൻ സാഹചര്യവും പ്രതിലോമമാണ്.ഭൂമിയിലെ എല്ലാ ആളുകൾക്കും ഇടയിൽ സാത്താനും, പാപവും, സ്വയവും, ഇരുട്ടും, ലൗകികതയും പ്രബലമാണ്. ദൈവതേജസ്സ് അവഹേളിക്കപ്പെടുന്നു, ക്രിസ്തു തിരസ്കരിക്കപ്പെടുന്നു, പരിശുദ്ധാത്മാവ് തടസ്സപ്പെടുത്തപ്പെടുന്നു, സഭ വിജനമാക്കപ്പെടുന്നു, സ്വയം ദുഷിക്കപ്പെടുന്നു, മുഴുവൻ ലോകവും ദുഷ്ടത നിറഞ്ഞതാകുന്നു. അതിനാൽ, അത്തരമൊരു സാഹചര്യത്തെക്കുറിച്ച് നാം വിലപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. രാജ്യം നമ്മിലുള്ളതുകൊണ്ട്, നാം ഉൾവസിക്കുന്ന രാജാവിനാൽ കീഴ്പ്പെടുത്തപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്നു.നാം ഈ ഭരണത്തിൻ കീഴിലായിരിക്കുമ്പോൾ ഇന്നത്തെ ലോകത്തിന്റെ പരിതസ്ഥിതിയും സാഹചര്യവും നാം നോക്കുന്നുവെങ്കിൽ നാം നെടുവീർപ്പിടുകയും വിലപിക്കുകയും ചെയ്യും.

എങ്കിലും, ഈ വിലാപം ഒരു അനുഗ്രഹമാണ്, കാരണം വിലപിക്കുന്നവർക്ക് "ആശ്വാസം ലഭിക്കും" എന്ന് കർത്താവ് പറഞ്ഞു. ദൈവത്തിനും അവന്റെ വ്യവസ്ഥയ്ക്കുമൊത്തവണ്ണം നാം വിലപിക്കുന്നുവെങ്കിൽ, സ്വർഗരാജ്യം പ്രതിഫലമായി നൽകുന്നതിലൂടെ നാം ആശ്വസിപ്പിക്കപ്പെടും. മുഴുവൻ പ്രതിലോമ സാഹചര്യത്തിന്മേലും ദൈവത്തിന്റെ സ്വർഗീയ ഭരണം നാം കാണും. വിലപിക്കുകയും ആശ്വാസം പ്രാപിച്ചതിന്റെയും അനുഭവം എനിക്ക് നിരവധി തവണ ഉണ്ടായിട്ടുണ്ട്. നിരാശപ്പെടരുത്. നാം വിലപിക്കണം, എങ്കിലും നാം പ്രത്യാശയാൽ നിറഞ്ഞിരിക്കുന്നു. രാജാവ് വരുന്നു, ശത്രു പരാജയപ്പെടുകയും ക്രിസ്തു ഭൂമിയെ തിരികെ നേടുകയും ചെയ്യും. ഇന്നല്ലെങ്കിൽ നാളെ നാം ആശ്വാസം പ്രാപിക്കും. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഇത്രയധികം പേർ കർത്താവിനെയും അവന്റെ രാജ്യത്തെയും അന്വേഷിക്കുന്നത് കാണുന്നത് ഒരു ആശ്വാസമല്ലേ? ഇത് എനിക്ക് എത്ര ആശ്വാസമാകുന്നു! നിങ്ങളുടെ ആത്മാവിൽ നിങ്ങൾ ഒരിക്കലും വിലപിക്കുന്നത് അനുഭവിച്ചിട്ടില്ലെങ്കിൽ, കർത്താവിന്റെ രാജ്യത്തിനായി മാത്രം കരുതുന്ന ഇത്രയധികം പേരെ കാണുന്നത് എത്ര മധുരവും ആശ്വാസകരവുമാണെന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയുകയില്ല. ഇക്കാരണത്താൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള എല്ലാ പ്രിയപ്പെട്ട വിശുദ്ധന്മാരെയും നാം സ്നേഹിക്കുന്നു. അന്വേഷിക്കുന്ന എല്ലാ വിശുദ്ധന്മാരോടുംകൂടിയ എല്ലാ സഭകളും വിലപിക്കുന്ന ഓരോ ആത്മാവിനും ഒരു യഥാർഥ ആശ്വാസമാണ്.

## സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും

ഈ വാക്യങ്ങളിലെ ക്രമം വളരെ പ്രധാനമാണ്. ഒന്നാമതായി, രാജ്യത്തോടുകൂടെയുള്ള രാജാവിനെ സ്വീകരിക്കുവാനും അവനെ ഉൾക്കൊള്ളുവാനും നാം ആത്മാവിൽ ദരിദ്രരാണ്. അതിനുശേഷം നാം ദയനീയമായ അവസ്ഥയെച്ചൊല്ലി വിലപിക്കുകയും ആശ്വസിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിനെത്തുടർന്ന് നമുക്ക് സൗമ്യതയുള്ളവരെക്കുറിച്ചുള്ള ഒരു വാക്കുണ്ട്. വാക്യം 5 പറയുന്നു: “സൗമ്യതയുള്ളവർ അനുഗൃഹീതർ, അവർ ഭൂമിയെ അവകാശമാക്കും.” “ഭൂമി” എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം “ദേശം” ആയിരിക്കണമെന്ന് ചില വിവർത്തകർ പറഞ്ഞിട്ടുണ്ട്. എന്നാൽ നാം അതിനെ“ഭൂമി” എന്നോ “ദേശം” എന്നോ വിവർത്തനം ചെയ്താലും, അത് വരാനിരിക്കുന്ന കീഴടക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുന്നു. ഇന്ന് ഭൂമി സാത്താന്റെ ഭരണത്തിൻ കീഴിലുള്ള ഒരു ലൗകിക രാജ്യമാണ്. എന്നാൽ രാജാവായ കർത്താവ് ഈ ലോകം തിരികെ നേടുന്ന ദിവസം വരുന്നു. വെളിപ്പാട് 11:15 പറയുന്നു: “ലോകരാജ്യം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജ്യമായിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും.” വെളിപ്പാട് 11:15-ൽ പറഞ്ഞിരിക്കുന്ന ലോകം മത്തായി 5:5-ലെ ഭൂമിയാണ്.

മത്തായി 5:5-ൽ സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കുമെന്ന് കർത്താവ് പറഞ്ഞു. വാക്യം 3-ൽ ആത്മാവിൽ ദരിദ്രരും വാക്യം 4-ൽ വിലപിക്കുന്നവരും ഇപ്പോൾ വാക്യം 5-ൽ സൗമ്യതയുള്ളവരുമാണ്. സൗമ്യതയുള്ളവരായിരിക്കുക എന്നതിന്റെ അർഥം എന്താണെന്ന് പല ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. അത് കേവലം ശാന്തരായിരിക്കന്നതും, താഴ്മയുള്ളവരായിരിക്കുന്നതും, കീഴടങ്ങിയിരിക്കുന്നതുമല്ല. സൗമ്യതയുള്ളവരായിരിക്കുക യെന്നാൽ ലോകത്തിന്റെ എതിർപ്പിനെ ചെറുക്കാതെ അതിനെ മനസ്സോടെ സഹിക്കുക എന്നാണ്. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ പോരാടാതിരിക്കുക, ചെറുക്കാതിരിക്കുക എന്നാണർഥമാക്കുന്നത്. ഈ യുഗത്തിൽ ലോകത്തിന്റെ എതിർപ്പ് സഹിക്കുവാൻ മനസ്സുള്ളവരായി നാം സൗമ്യതയുള്ളവരാണെങ്കിൽ, എബ്രായർ 2:5-8-ലും, ലൂക്കൊസ് 19:17-ലും, 19-ലും വെളിപ്പെടുത്തിയിരിക്കുന്നതുപോലെ വരാനിരിക്കുന്ന യുഗത്തിൽ നാം ഭൂമിയെ അവകാശമാക്കും.

ഇന്ന് പോരാടുന്നവരാണ് ഭൂമിയെ നേടുന്നവർ. നിങ്ങൾ പോരാടുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഒരു പ്രദേശവും ലഭിക്കുകയില്ല. ഇത്രയധികം യുദ്ധങ്ങൾ ഉണ്ടാകാനുള്ള കാരണം ഇതാണ്. തങ്ങൾക്കായിത്തന്നെ കൂടുതൽ പ്രദേശങ്ങൾ നേടുന്നതിനായി രാഷ്ട്രങ്ങൾ പരസ്പരം യുദ്ധം ചെയ്യുന്നു. യുദ്ധം ചെയ്തുകൊണ്ട് ഭൂമിയെ നേടുക എന്നതാണ് മനുഷ്യന്റെ രീതി, എന്നാൽ സ്വർഗരാജ്യത്തിന്റെ രീതി സൗമ്യരായിരുന്നുകൊണ്ട് അത് നേടുക എന്നതാണ്. യുദ്ധം ചെയ്യേണ്ട ആവശ്യമില്ല, എന്നാൽ സൗമ്യതയുള്ളവരായിരിക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഭൂമിയെ എടുക്കുന്നതിനെക്കുറിച്ചുള്ള മുദ്രാവാക്യങ്ങൾ ചില യുവാക്കൾ മുഴക്കുന്നുണ്ട്. ഭൂമിയെ എടുക്കാനുള്ള മാർഗം മുദ്രാവാക്യങ്ങൾ മുഴക്കുകയോ, ആർപ്പുവിളിക്കുകയോ, പോരാട്ടം നടത്തുകയോ അല്ല. മാർഗം സൗമ്യതയിലൂടെയാണ്. സൗമ്യതയുള്ളവർ അനുഗൃഹീതരാണ്, കാരണം അവർ ഭൂമിയെ അവകാശമാക്കും. നിങ്ങൾ പോരാടുന്നവനാണോ അതോ സൗമ്യതയുള്ളവനാണോ? നിങ്ങൾ ഭൂമിയെ അവകാശമാക്കണമെങ്കിൽ, നിങ്ങൾ

സൗമ്യതയുള്ളവനായിരിക്കണം. കർത്താവായ യേശു മടങ്ങിവരുമ്പോൾ, അവൻ ഭൂമിയെ തിരികെ നേടും. എങ്കിലും, അവനെ പിടിക്കുകയും, പരീക്ഷിക്കുകയും, ഗൊൽഗോഥായിൽ ക്രൂശിക്കുകയും ചെയ്തപ്പോൾ, അവൻ സൗമ്യതയുള്ളവനായിരുന്നു. അവനെ ക്രൂശിൽ തറച്ചപ്പോൾ, അവൻ എതിർത്തില്ല. എല്ലാ വിധത്തിലും അവൻ സൗമ്യനായിരുന്നു, അവസാനത്തോളം സൗമ്യനായിരുന്നു. ഒടുവിൽ, ഭൂമിയെ നേടിയെടുക്കുന്നത് പോരാടുന്നവരല്ല, മറിച്ച് സൗമ്യതയുള്ളവരായിരിക്കും. ഏതാനും ആഴ്ചകൾക്കുമുമ്പ് ഒരു എതിരാളി നമ്മുടെ സഹോദരന്മാരിൽ ഒരാളോട് പറഞ്ഞു, "ഞങ്ങൾ നിങ്ങളെ തടയുവാൻ പോകുന്നു!" ആർ തടയപ്പെടുമെന്ന് കാലം പറയും. പോരാടുന്നവർ തടയപ്പെടും, എന്നാൽ സൗമ്യതയുള്ളർ തടയപ്പെടുകയില്ല. മറിച്ച്, അവർ ഭൂമിയെ അവകാശമാക്കും. സാത്താൻ എപ്പോഴും പോരാടിക്കൊണ്ടിരിക്കുന്നു, എന്നാൽ കർത്താവായ യേശു ഒരിക്കലും പോരാടുന്നില്ല. പകരം, അവൻ സൗമ്യതയുള്ളവനാണ്. ദൈവത്തിന്റെ വ്യവസ്ഥ മനുഷ്യന്റെ വ്യവസ്ഥയ്ക്ക് വിപരീതമാണെന്ന് ഇതിലൂടെ നാം കാണുന്നു. ഭൂമിയെ നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ സൗമ്യതയുള്ളവരായിരിക്കണം. നിങ്ങൾക്ക് ഒരു പ്രദേശവും ലഭിച്ചിട്ടില്ലെങ്കിൽ, ഇത് നിങ്ങൾ ഇതുവരെ സൗമ്യതയുള്ളവരായിരുന്നില്ല എന്നതിന്റെ സൂചനയായിരിക്കാം. യുവാക്കളേ, നിങ്ങൾ ക്യാമ്പസുകളിൽ സൗമ്യതയുള്ളവരായിരിക്കണം. ഇതൊരു സ്വർഗീയ ഭാഷയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ "പോരാടുന്നവർ അനുഗൃഹീതർ, അവർ ഭൂമിയെ നേടും. പോരാടുന്നവർ ഭൂമിയെ കൈക്കലാക്കും!" എന്ന് കർത്താവായ യേശു പറഞ്ഞില്ല. "നമുക്ക് ഭൂമിക്കായി പോരാടിക്കൊണ്ട് അതിനെ കൈക്കലാക്കാം" എന്ന് പറയരുത്. ഇല്ല, പകരം നിങ്ങൾ പറയണം, "സൗമ്യതയുള്ളവരായിരുന്നുകൊണ്ട് ഭൂമിയെ നോടാം." സൗമ്യത ഭൗതിക കാര്യങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ നിങ്ങൾ വിഷയം ശ്രദ്ധാപൂർവ്വം പരിചിന്തിക്കുന്നുവെങ്കിൽ, സൗമ്യത പുറമെയുള്ള ഭൗതിക കാര്യങ്ങളുമായി ബന്ധപ്പെട്ടതല്ലെന്ന് നിങ്ങൾ കാണും. മറിച്ച്, അത് ആന്തരികമായ ഒന്നുമായി, സാക്ഷാൽ നമ്മുടെ ആളത്തത്തിൽ നാം എന്തായിരിക്കുന്നു എന്നതുമായി ബന്ധപ്പെട്ട ഒന്നാണ്.

## സമാധാനം ഉണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും

മത്തായി 5:9 പറയുന്നു: "സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."മത്സരിയായ സാത്താനാണ് എല്ലാ കലാപങ്ങളുടെയും ദുഷ്പ്രേരകൻ. സ്വർഗ്ഗരാജ്യത്തിനായി, അതിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ, നാം മനുഷ്യരുടെ ഇടയിൽ സമാധാനമുണ്ടാക്കുന്നവർ ആയിരിക്കണം (എബ്രാ. 12:14).

ആദ്യത്തെ ഏഴ് അനുഗ്രഹങ്ങളിൽ നാം കാണുന്നത് നാം പോരാടുന്നവരോ കുഴപ്പമുണ്ടാക്കുന്നവരോ ആയിരിക്കരുതെന്നാണ്; പകരം, എപ്പോഴും മറ്റുള്ളവരുമായി സമാധാനമുണ്ടാക്കിക്കൊണ്ട് നാം സമാധാനം ഉണ്ടാക്കുന്നവരായിരിക്കണം. നാം സമാധാനമുണ്ടാക്കുന്നവരാണെങ്കിൽ, നാം ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും. പിശാചിന്റെ പുത്രന്മാർ കുഴപ്പമുണ്ടാക്കുന്നു, എന്നാൽ ദൈവത്തിന്റെ പുത്രന്മാർ സമാധാനമുണ്ടാക്കുന്നു. ദൈവപുത്രനെന്ന നിലയിൽ, കർത്താവായ യേശു ദൈവത്തോടും മനുഷ്യനോടും സമാധാനമുണ്ടാക്കി. ഇപ്പോൾ, ദൈവത്തിന്റെ പുത്രന്മാരെന്ന നിലയീൽ നാം

സമാധാമുണ്ടാക്കുവാൻ അവനെ അനുഗമിക്കണം. അപ്പോൾ നാം ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും.

നമ്മുടെ പിതാവ് സമാധാനപൂർണമായ സ്വഭാവത്തോടുകൂടിയ സമാധാനപൂർണമായ ജീവനുള്ള, സമാധാനത്തിന്റെ ദൈവമാണ് (റോമ. 15:33; 16:20). അവനിൽനിന്ന് ജനിച്ചവരായ നാം സമാധാനം ഉണ്ടാക്കുന്നവരായിരിക്കണമെങ്കിൽ, നാം അവന്റെ ദിവ്യജീവനിലും അവന്റെ ദിവ്യ സ്വഭാവത്തിനൊത്തവണ്ണവും നടക്കണം. ഈ വിധത്തിൽ നാം അവന്റെ ജീവനും സ്വഭാവവും ആവിഷ്കരിക്കുകയും ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടുകയും ചെയ്യും. (*Life-study of Matthew,* pp. 166-169, 172-173)

**വിലപിക്കുന്നതും സൗമ്യതയും**

നാം ആത്മാവിൽ ദരിദ്രരും, മറ്റുള്ളവരുടെ ദയനീയമായ സാഹചര്യത്തിനായി വിലപിക്കുന്നവരുമാണെങ്കിൽ സ്വതവേ നാം സൗമ്യതയുള്ളവരായിരിക്കും. നിങ്ങളുടെ അമ്മായിയമ്മ ദയനീയമായ അവസ്ഥയിലാണെങ്കിൽപോലും, അവളോട് അങ്ങനെ പറയരുത്. നിങ്ങളുടെ പ്രിയപ്പെട്ട ഭാര്യയുടെ അവസ്ഥപോലും കർത്താവിന്റെ ദൃഷ്ടിയിൽ വളരെ അനുലോമമായിരിക്കുകയില്ല. അവളുടെ ഹൃദയവും താല്പര്യങ്ങളും കർത്താവിനുവേണ്ടിയല്ലെങ്കിൽ, അവൾ കർത്താവിന്റെ രാജ്യത്തിനുവേണ്ടി കരുതുന്നില്ലെല്ലെങ്കിൽ, അവളുടെ സാഹചര്യം ദയനീയമാണ്. നിങ്ങളുടെ ആത്മാവിൽ സ്വർഗരാജ്യത്തോടുകൂടിയ കർത്താവായ യേശു നിങ്ങൾക്കുണ്ട്, എന്നാൽ നിങ്ങളുടെ ഭാര്യയുടെ കാര്യം എങ്ങനെയാണ്? നിങ്ങൾ ഏറ്റവും ഉയർന്ന സ്വർഗത്തിലായിരിക്കാം, എന്നാൽ അവൾ ഏറ്റവും താഴ്ന്ന നരകത്തിലായിരിക്കാം. കൂടാതെ, നിങ്ങളുടെ മക്കളെ പരിഗണിക്കുക. നിങ്ങൾ കർത്താവിനെ അങ്ങേയറ്റം സ്നേഹിക്കുന്നുണ്ടാകാം, എന്നാൽ അവർ അവനെ ഒട്ടും സ്നേഹിക്കുന്നില്ലായിരിക്കാം. അതുകൊണ്ട്, നിങ്ങളുടെ അമ്മായിയമ്മയ്ക്കും, ഭാര്യയ്ക്കും, കുട്ടികൾക്കും വേണ്ടി നിങ്ങൾ വിലപിക്കണം.നിങ്ങളുടെ ബന്ധുക്കൾക്കും, സഹപ്രവർത്തകർക്കും, അയൽക്കാർക്കും വേണ്ടിയും നിങ്ങൾ വിലപിക്കണം. വാസ്തവമായി കർത്താവിനുവേണ്ടിയുള്ള ഒരാൾ എവിടെയാണ്? ക്രിസ്തുമതം ഉൾപ്പെടെയുള്ള ഇന്നത്തെ ലോകത്തിന്റെ പരിതാപകരമായ അവസ്ഥ നോക്കുക. വ്യാപാരികൾ പണത്തിനുവേണ്ടി മാത്രം കരുതുകയും, വിദ്യാർത്ഥികൾ അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം കരുതുകയും, ജോലി ചെയ്യുന്നവർ സ്ഥാനക്കയറ്റത്തിനും, സ്ഥാനങ്ങൾക്കുംവേണ്ടി മാത്രം കരുതുകയും ചെയ്യുന്നു. നാം ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ, മുഴുവൻ സാഹചര്യത്തിനുംവേണ്ടി നാം തീർച്ചയായും വിലപിക്കും. നമ്മുടെ പരിസ്ഥിതിക്കുവേണ്ടിയും നമുക്കു ചുറ്റുമുള്ള ആളുകൾക്കുവേണ്ടിയും നാം വിലപിക്കും.

നാം മറ്റുള്ളവർക്കുവേണ്ടി വിലപിക്കുന്നതുകൊണ്ട്, നാം അവർക്കെതിരെ ഒരിക്കലും പോരാടുകയില്ല. അവരോട് പോരാടുന്നതിനുപകരം, സ്വതസിദ്ധമായി നാം അവരോട് സൗമ്യതയുള്ളവരായിരിക്കും. നിങ്ങളുടെ ഭാര്യയുമായി നിങ്ങൾ ഇതുവരെ സൗമ്യതയുള്ളവരല്ലെങ്കിൽ, സ്വർഗരാജ്യത്താൽ നിങ്ങൾ കീഴടക്കപ്പെട്ടിട്ടില്ലെന്ന് ഇത് വെളിപ്പെടുത്തുന്നു. ഇത് സൂചിപ്പിക്കുന്നത് മറ്റു കാര്യങ്ങൾ നിങ്ങളെ ഇപ്പോഴും വ്യാപൃതരാക്കുന്നു എന്നാണ്. നിങ്ങൾ സ്വർഗരാജ്യത്താൽ പൂർണ്ണമായി വ്യാപൃതനാണെങ്കിൽ, നിങ്ങളുടെ ഭാര്യയ്ക്കുവേണ്ടി നിങ്ങൾ വിലപിക്കുകയും അവളോട്

സൗമ്യതയുള്ളവനായിരിക്കുകയും ചെയ്യും. ഏത് ദയനീയ വ്യക്തിയോടും നിങ്ങൾ സൗമ്യനായിരിക്കും. നിങ്ങൾ ഒരു വിദ്യാർഥിയാണെങ്കിൽ നിങ്ങളുടെ അധ്യാപകരോടും സഹപാഠികളോടും നിങ്ങൾ സൗമ്യതയുള്ളവനായിരിക്കും. മറ്റുള്ളവരുടെ ദയനീയമായ സാഹചര്യത്തെക്കുറിച്ച് നിങ്ങൾക്ക് ആഴമായ ഒരു അനുഭൂതിയുള്ളതുകൊണ്ട് നിങ്ങൾ അവരോട് സൗമ്യരായിരിക്കും, വിലപിക്കുന്ന വിധത്തിൽ നിങ്ങൾ അവർക്കുവേണ്ടി പ്രാർഥിക്കുന്നതുകെണ്ട് നിങ്ങൾ അവരെ ബന്ധപ്പെടുമ്പോഴെല്ലാം, നിങ്ങൾ സൗമ്യരായിരിക്കും.

**സൗമ്യതയെക്കുറിച്ചുള്ള ഒരു വാക്ക്**

സൗമ്യതയെക്കുറിച്ച് ഒരു വാക്ക് കൂടി ഞാൻ പറയട്ടെ. ജഡരക്തങ്ങളോടല്ല, ദൈവത്തിന്റെ ശത്രുവായ പിശാചിനോടാണ് നാം പോരാടുന്നതെന്ന് പുതിയനിയമം നമ്മോടു പറയുന്നു. ദൈവത്തിന്റെ ശത്രുവായ പിശാചിനെതിരെ രാവും പകലും നാം പോരാടണം. എങ്കിലും, നാം ആളുകൾക്കെതിരെ പോരാടരുത്, നമ്മെ എതിർക്കുന്നവർക്കെതിരെ പോലും പോരാടരുത്. എതിരാളികളും എതിർക്കുന്നവരും ഉൾപ്പെടെ എല്ലാ മനുഷ്യരോടും നാം സൗമ്യതയുള്ളവരായിരിക്കണം. നാം സാത്താനോടും ആകാശത്തിലെ വാഴ്ചകളോടും പോരാടുന്നുവെങ്കിലും, നാം ആളുകളോട് പോരാടുന്നില്ല. പകരം, നാം എല്ലാവരെയും സ്നേഹിക്കുന്നു. യുവാക്കളേ, വിദ്യാർഥികളോട് പോരാടുവാൻ നിങ്ങൾ ക്യാമ്പസുകളിൽ പോകരുത്. "നാം വിദ്യാർഥികളെ  പരാജയപ്പെടുത്തി ഭൂമി പിടിച്ചെടുക്കും!" എന്ന് ഒരിക്കലും പറയരുത്. പോരാടുവാൻ ക്യാമ്പസുകളിൽ പോകരുത്— സൗമ്യതയുള്ളവരായിരിക്കുവാൻ അവിടെ പോകുക. ഉപദ്രവിക്കുന്ന ഒരുവൻ നമ്മുടെ വലതു കവിളിൽ അടിക്കുന്നുവെങ്കിൽപോലും, നാം അവന് ഇടതു കവിൾ തിരിച്ചുകൊടുക്കും. സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ എതിർക്കുകയോ തിരിച്ച് പോരാടുകയോ ചെയ്യാതിരിക്കുന്നതാണ്. എങ്കിലും, ഉപദ്രവിക്കുന്നവന് നാം ഇടതു കവിൾ തിരിച്ചുകൊടുക്കുമ്പോൾ, നാം പ്രാർഥിക്കണം, “കർത്താവേ, ഇരുട്ടിന്റെ ശക്തികളെ ബന്ധിക്കേണമേ!” മറ്റുള്ളവരോട് നാം സൗമ്യതയുള്ളവരായിരിക്കുമ്പോൾ, നാം ഇരുട്ടിന്റെ ശക്തികൾക്കെതിരെ പോരാടണം. ശത്രു ജനങ്ങളല്ല; അത് സാത്താനും അവന്റെ ദൂതന്മാരുമാണ്, ആകാശത്തിലെ ദുഷ്ടശക്തികളാണ്. (*Life-study of Matthew,* pp. 178-180)